**JANAYUGOM**

**CIAL chartered flights bring 1500 tourists**

Date: **16-03-2012** | Edition: **All Kerala** | Page No: **5** | Clip size (cm) - W: **12** H: **8**

# വിനോദസഞ്ചാര മേഖല സജീവമായി

നെടുമ്പാശ്ശേരി: കേരളത്തിന്റെ വിനോദസഞ്ചാര സീസണിലേക്ക് നെടുമ്പാശ്ശേരിയുടെ ആകാശത്തു നിന്നും ഒരേ ദിവസം ആയിരത്തി അഞ്ഞൂറിലധികം വിനോദ സഞ്ചാരികൾ പറന്നിറങ്ങുന്നു. മാർച്ച് 19 ന് അഞ്ച് ചാർട്ടർ വിമാനങ്ങളിലായാണ് ടൂറിസ്റ്റുകളെത്തുന്നത്. 18 ന് കൊച്ചിയിൽ എത്തുന്ന ഐഡദിവ എന്ന ആഡംബരകപ്പലിലെത്തുന്നവരിൽ ആയിരത്തി മുന്നൂറിലേറെ ടൂറിസ്റ്റുകൾ അതേദിവസം തന്നെ ഈ വിമാനങ്ങളിൽ തിരിച്ച് പോകും.

ജർമ്മനിയിൽ നിന്നും ഫ്രാങ്ക്ഫർട്ട്, മ്യൂണിച്ച്, ഡസ്സൽഡോർഫ്, ബഹ്റൈൻ, ഷാർജ സെക്ടറുകളിലൂടെയെത്തുന്ന ഫ്ളൈറ്റുകൾ ഓപ്പറേറ്റ് ചെയ്യുന്നത് കൊണ്ടോർ എയർലൈൻസ്, കിക്ക് ഏവിയേഷൻ സർവീസസ്, എയർ ബർലിൻ, ട്യൂഫ്ളൈ എന്നിവരാണ്.

ബി 757-300, ബി 737-800, എ 330-200 ടൈപ്പിലുള്ള അഞ്ച് ചാർട്ടർ വിമാനങ്ങളിലായി 140 മുതൽ 303 ടൂറിസ്റ്റുകൾ വരെയുണ്ടായിരിക്കും. ചാർട്ടേർഡ് ഫ്ളൈറ്റുകൾ കൂടാതെ ഖത്തർ എയർവെയ്സ്, എത്തിഹാദ്, എമിറേറ്റ്സ് വിമാനങ്ങളിലായി എത്തുന്ന ഇതേ സംഘത്തിൽപ്പെട്ട 465 ടൂറിസ്റ്റുകളും ഉൾപ്പെടെ 1585 പേരാണ് കൊച്ചിയിലിറങ്ങുന്നത്.

വ്യോമ-നാവിക ഗതാഗത സൗകര്യങ്ങളെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് ടേൺ എറൗണ്ട് സംവിധാനത്തിലാണ് വിനോദസഞ്ചാരികൾ വന്നുപോകുന്നത്. കൊളംബോയിൽ നിന്നും 18 ന് കൊച്ചിയിലെത്തുന്ന ആഡംബര കപ്പലിലെ 1326 വിനോദസഞ്ചാരികൾ 19 ന് സിയാലിൽ നിന്നും വ്യോമമാർഗം തിരിച്ചുപോകുമ്പോൾ വിമാനത്തിലെത്തിയ ടൂറിസ്റ്റുകൾ 20 ന് ഐഡ ദിവയിൽ മംഗലാപുരത്തേക്ക് പോകും.

19 ന് രാവിലെ നാലര മുതൽ ചാർട്ടർ വിമാനങ്ങൾ എത്തിത്തുടങ്ങും. ഉച്ചക്ക് 1 മണിയോടെ അവസാന വിമാനവും തിരിച്ചുപോകും. കഴിഞ്ഞ വർഷം നവംബർ 14 ന് ഇതേ ഫ്ളൈറ്റുകളും ഐഡ ദിവ എന്ന ആഡംബര കപ്പലും വിനോദസഞ്ചാരികളുമായി കൊച്ചിയിലെത്തിയിരുന്നു. സിയാലിൽ എത്തുന്ന മൂവായിരത്തിനടുത്ത് വരുന്ന വിനോദസഞ്ചാരികളുടെ എമിഗ്രേഷൻ, സുരക്ഷാ പരിശോധന നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സിയാൽ ഏർപ്പെടുത്തുന്നുണ്ട്.